Communicate all DMOs & SPMs. Publish in website
17/2/2023.

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കേരളത്തിലെ സ്ത്രീകൾക്കിടയിൽ വർദ്ധിച്ചു വരുന്ന വിളർച്ച അഥവാ അനീമിയ നിർമ്മാർജ്ജനം ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി സംസ്ഥാനതല ഏകോപന സമിതിയും, ജില്ലാതല ഏകോപന സമിതിയും, ജില്ലാതല ഇംപ്ലിമെന്റേഷൻ കമ്മിറ്റികളും വർക്കിംഗ് ഗ്രൂപ്പും രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്.ഡബ്ല്യൂ) വകുപ്പ്**

സ.ഉ.(സാധാ) നം.362/2023/H&FWD തീയതി,തിരുവനന്തപുരം, 16-02-2023

---

പരാമർശം:-

1. 14.01.2023 തീയതിയിലെ സ.ഉ (സാധാ) നം. 97/2023/ആ.കു.വ നമ്പർ ഉത്തരവ്.
2. ബഹു. ആരോഗ്യ കുടുംബക്ഷമ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08.02.2023 ൽ ചേർന്ന യോഗ തീരുമാനം.

**ഉത്തരവ്**

കേരളത്തിലെ സ്ത്രീകൾക്കിടയിൽ വർദ്ധിച്ചു വരുന്ന വിളർച്ച അഥവാ അനീമിയ നിർമ്മാർജ്ജനം ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, നടപ്പാക്കുന്നതിനുമായി സംസ്ഥാനതല ഏകോപന സമിതിയും, ജില്ലാതല ഏകോപന സമിതിയും, ജില്ലാതല ഇംപ്ലിമെന്റേഷൻ കമ്മിറ്റികളും, വർക്കിംഗ് ഗ്രൂപ്പും രൂപീകരിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത കമ്മിറ്റികളുടെ ചുമതല, കമ്മിറ്റി യോഗം ചേരുന്നതിനുള്ള കാലയളവ്, യോഗത്തിന്റെ കൺവീനർ തുടങ്ങിയ കാര്യങ്ങൾ പ്രസ്തുത ഉത്തരവിൽ വ്യക്തമായി പ്രതിപാദിച്ചിരുന്നില്ല.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല ഏകോപന സമിതി, ജില്ലാതല ഏകോപന സമിതി, ജില്ലാതല ഇംപ്ലിമെന്റേഷൻ കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ ചുമതലകളെക്കുറിച്ചും, യോഗം ചേരുന്നതിനുള്ള കാലയളവ്, യോഗത്തിന്റെ കൺവീനർ തുടങ്ങിയ കാര്യങ്ങളിലും താഴെ പറയും പ്രകാരം വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

I. **സംസ്ഥാനതല ഏകോപനസമിതി**

- **കൺവീനർ-** പ്രിൻസിപ്പൽ സെക്രട്ടറി , ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
- ചുമതലകൾ
  - പദ്ധതിയുടെ സംസ്ഥാന തലത്തിലുള്ള വിവിധ വകുപ്പുകളുടെ ഏകോപനം.
  - വിവിധ വകുപ്പുകളിലൂടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക, കൂടാതെ അവ നടപ്പിലാക്കുന്നു എന്ന് ഉറപ്പുവരുത്തുക.
  - പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് വകുപ്പുകൾ നൽകുന്ന നിർദ്ദേശങ്ങൾ കൂടുതൽ

മെച്ചപ്പെടുത്തി അവ വർക്കിംഗ് ഗ്രൂപ്പ് മുഖാന്തരം ചർച്ച ചെയ്തു നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

- മറ്റു കമ്മിറ്റികളുടെ മാസംതോറും ഉള്ള പ്രവർത്തനങ്ങൾ വിലയിരുത്തുക
- കമ്മിറ്റിയിൽ അംഗങ്ങളായ വകുപ്പ് മേധാവികൾ അവരവരുടെ വകുപ്പുകളിൽ നടപ്പാക്കിയ പദ്ധതി അനുസരിച്ചുള്ള പ്രവർത്തനങ്ങൾ മാസംതോറും റിപ്പോർട്ട് ചെയ്യേണ്ടതാണ്.
- മാസത്തിൽ ഒരു തവണയെങ്കിലും ഈ കമ്മിറ്റി ചേരേണ്ടതാണ്.

### II. ജില്ലാ ഏകോപന സമിതി

- **കൺവീനർ-** ജില്ലാ മെഡിക്കൽ ഓഫീസർ
- ചുമതലകൾ
    - പദ്ധതിയുടെ പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കി മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുക.
    - സംസ്ഥാനതലത്തിൽ നിന്ന് വകുപ്പുകളിലൂടെ ലഭ്യമാകുന്ന അറിയിപ്പുകൾ ഉത്തരവുകൾ എന്നിവ യഥാസമയം എല്ലാ വകുപ്പ് ഉദ്യോഗസ്ഥരിലും എത്തിച്ച് താഴെതലം വരെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പദ്ധതി വിജയകരമാക്കുക.
    - വകുപ്പുകൾ മുഖാന്തിരം നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ജില്ലാതല ഉദ്യോഗസ്ഥർ ഈ കമ്മിറ്റിയിൽ റിപ്പോർട്ട് ആയി അവതരിപ്പിക്കേണ്ടതും, തീരുമാനങ്ങൾ അനുസരിച്ച് പദ്ധതി നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കേണ്ടതിനുള്ള നിർദ്ദേശങ്ങൾ അവതരിപ്പിച്ച് തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്.
    - എല്ലാ രണ്ടാഴ്ച്ചയിലൊരിക്കലെങ്കിലും കമ്മിറ്റി കൂടേണ്ടതാണ്.

### III. ജില്ലാതല ഇമ്പ്ലിമെന്റേഷൻ കമ്മിറ്റി

- **കൺവീനർ-** ആർ സി എച്ച് ഓഫീസർ
- ചുമതലകൾ
    - പദ്ധതിയുടെ നടത്തിപ്പിൽ പ്രധാനപ്പെട്ട ചുമതല ആരോഗ്യ വകുപ്പിനാണ്.
    - 59 വയസ്സ് വരെയുള്ള വനിതകളിൽ രക്ത പരിശോധന നടത്തി കൃത്യമായ റഫറൽ ,ചികിത്സ എന്നിവ ഉറപ്പാക്കേണ്ടതാണ്.
    - ആരോഗ്യവകുപ്പ് ഇതിനായി ജില്ലയിലെ ആരോഗ്യ പ്രവർത്തകർ ഡോക്ടർമാർ, ഫീൽഡ് തല ജീവനക്കാർ എന്നിവർക്കായുള്ള പരിശീലനം ബോധവൽക്കരണം എന്നിവ നടപ്പാക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി നടത്തിയെന്ന് ഉറപ്പാക്കേണ്ടതാണ്.
    - കൃത്യമായ ഇടവേളകളിൽ അവലോകന യോഗം ചേർന്ന് വിലയിരുത്തേണ്ടതാണ്.
    - ആഴ്ചയിൽ ഒരിക്കൽ യോഗം ചേർന്ന് നടത്തിപ്പ് വിലയിരുത്തി റിപ്പോർട്ട് ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം) മുഖാന്തിരം ജില്ലാതല ഏകോപന സമിതിക്ക് സമർപ്പിക്കേണ്ടതാണ്.
    - പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനുതകുന്ന നിർദ്ദേശങ്ങൾ മറ്റു വകുപ്പുകളുടെ ഭാഗത്ത് നിന്നും ലഭിക്കേണ്ട സഹായങ്ങൾ പ്രത്യേകം അഭിനന്ദനം അർഹിക്കുന്ന പ്രവർത്തനങ്ങൾ നടത്തിയ പഞ്ചായത്തുകൾ, പ്രദേശങ്ങൾ ,വകുപ്പുകൾ എന്നിവരെ

കുറിച്ചുള്ള റിപ്പോർട്ടുകൾ തയ്യാറാക്കേണ്ടതാണ്.

IV. വർക്കിംഗ് ഗ്രൂപ്പ്

- **കൺവീനർ** - ആരോഗ്യ വകുപ്പ് ഡയറക്ടർ
- ചുമതലകൾ
    - സംസ്ഥാന തലത്തിൽ പദ്ധതിയുടെ പ്രവർത്തനങ്ങൾ, ജില്ലാതല റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ച് വിലയിരുത്തി വേണ്ട മാറ്റങ്ങൾ, മറ്റു മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നതിനായി സർക്കാരിലേക്കുള്ള അഭിപ്രായങ്ങൾ എന്നിവ ലഭ്യമാക്കുക
    - ഇതിനായി എല്ലാ പ്രോഗ്രാം ഉദ്യോഗസ്ഥരെയും ഈ കമ്മിറ്റിയിൽ ഉൾപ്പെടുത്തേണ്ടതാണ്.
    - അതാതു മേഖലയിലെ വിദഗ്ധരെ ഉൾപ്പെടുത്തി ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് പദ്ധതിയുടെ ഘടനയിലും നടത്തിപ്പിലും ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിക്കുന്നതിലൂടെ കാര്യക്ഷമമായ പദ്ധതി നടപ്പിലാക്കാൻ ശ്രമിക്കണം.
    - ജില്ലാ ഏകോപനസമിതികളുടെ നിർദ്ദേശങ്ങൾ അഭിപ്രായങ്ങൾ എന്നിവ സംസ്ഥാന ഏകോപന സമിതിയിൽ ചർച്ച ചെയ്തു വരുന്ന നിർദ്ദേശങ്ങൾ വർക്കിംഗ് ഗ്രൂപ്പ് പരിഗണിക്കേണ്ടതാണ്.
    - ജില്ലയിൽ നിന്നുള്ള പ്രവർത്തന റിപ്പോർട്ട് ആഴ്ചയിലൊരിക്കൽ വർക്കിംഗ് ഗ്രൂപ്പ് പരിശോധിച്ച് പദ്ധതി നടത്തിപ്പിനാവശ്യമായ കൃത്യമായി നിർദ്ദേശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

3. സംസ്ഥാന സമിതിയിൽ മാസ് മീഡിയ ഓഫീസറും ജില്ലാ തല സമിതികളിൽ ജില്ലാ മെഡിക്കൽ ഓഫീസറും(ആരോഗ്യം) അംഗങ്ങൾ ആയിരിക്കും.

4. പരമർശ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി സുരേന്ദ്രൻ പിള്ള
അഡിഷണൽ സെക്രട്ടറി

എല്ലാ അംഗങ്ങൾക്കും.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്), കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയർ/ ഓഫീസ് കോപ്പി (HEALTH-FW2/255/2022-HEALTH)

ഉത്തരവിൻ പ്രകാരം

Signed by
G.indira Veni
Date: 16-02-2023 21:04:55
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. ആരോഗ്യ വനിതാ-ശിശു വികസന മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ബഹു. തദ്ദേശ സ്വയംഭരണ- എക്സ്സ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

സ.ഉ.(സാധാ) നം.362/2023/H&FWD

ബഹു. പട്ടികജാതി-പട്ടിക വർഗ്ഗ വികസന മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്